# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

### സ്റ്റാൻഡേർഡ് – 9

# സഭ ആരാധനാ സമൂഹം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**SABHA AARADHANA SAMOOHAM**
**(Malayalam)**

*Text Prepared & Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2011
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന ഒമ്പതാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അധ്യാപകൻ/അധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- അധ്യാപകന്റെ വഴികാട്ടിയാണ്
- പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അധ്യാപകസഹായി പലവിധത്തിൽ അധ്യാപകന്/അധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- അധിക വിവരങ്ങൾ ശേഖരിക്കാൻ
- സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. വിശ്വാസപരിശീലനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിത

ത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. “മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു” എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം വിശ്വാസപരിശീലനത്തിന്റെ പ്രചോദനഹേതു.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

- ◆ കഥ പറയാൻ
- ◆ പാട്ടുപാടാൻ
- ◆ ചോദ്യം ചോദിക്കാൻ
- ◆ ഉത്തരം പറയാൻ
- ◆ വിശേഷങ്ങൾ പങ്കുവയ്ക്കാൻ
- ◆ അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
- ◆ ഭാവനാപരമായി ചിന്തിച്ചുപറയാൻ
- ◆ സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
- ◆ പരാതികൾ പറയാൻ

- ◆ നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ◆ ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- ◆ നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- ◆ നിയമങ്ങൾ അനുസരിക്കാൻ
- ◆ നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- ◆ തെറ്റുകൾ തിരുത്താൻ
- ◆ സന്തോഷം പ്രകടിപ്പിക്കാൻ
- ◆ വികാരങ്ങൾ പ്രകടിപ്പിക്കാൻ
- ◆ സംഘമായി പ്രവർത്തിക്കാൻ
- ◆ പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അധ്യാപകൻ/അധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

### 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ വിശ്വാസപരിശീലകർ തയ്യാറാകണം. ഇക്കാര്യത്തിൽ അധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അധ്യാപിക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അധ്യാപനരീതികളിലുള്ള അറിവും പരിചയവും അധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

വിശ്വാസപരിശീലനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം-

- കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്
- ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്
- വിഷയവുമായി ബന്ധമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- അധ്യാപകന്/അധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്തനങ്ങൾ അധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

## അധ്യാപകൻ/അധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.

2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അധ്യാപകന്റെ/ അധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.

3. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അധ്യാപകന്റെ/ അധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

### 1. കുട്ടികൾ സ്വായത്തമാക്കേണ്ടവ

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അധ്യാപകന്/അധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ബോധ്യങ്ങൾ
- മനോഭാവങ്ങൾ
- ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

### 2. അധ്യാപകൻ/അധ്യാപിക കരുതേണ്ട ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. അധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപ

യോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവ യൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മന സ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധ നോപാധികൾ തന്നെയാണ്.

### 3. പാഠാവതരണം

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങ ണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവ രിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാ നിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവത രണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാ ഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതര ണമാകാം. അധ്യാപകന്/അധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരി പ്പിക്കാവുന്നതാണ്.

### 4. പാഠബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനു മുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളി ടത്ത് കുട്ടികളെ സഹായിക്കാൻ അധ്യാപകർക്ക് നൽകിയിട്ടുള്ള സൂച നകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാ ക്കാൻ പറ്റാത്തവ അധ്യാപകസഹായി നോക്കി, അധ്യാപകന്/അധ്യാ പികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ

പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അധ്യാപകന്റെ/അധ്യാപികയുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങുംവിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അധ്യാപകന്റെ/അധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം.

3. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

4. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

5. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപ്പെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം ഒന്നാം ദിവസം നൽകണം. രണ്ടാം ദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അധ്യാപകൻ/അധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം.

അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

**ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി**

1. ഈ അധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അധ്യാപകനും അധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

# 1
# ദൈവാരാധന

## I ആമുഖം

മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രധാന പ്രകാശന മാണ് ആരാധന. പ്രാചീന മനുഷ്യൻ അവനു ഭയം ജനിപ്പിച്ച പ്രകൃതിശക്തികളെ ആരാധിച്ചു. എന്നാൽ ദൈവാരാധനയ്ക്കായ് ദൈവം ഇസ്രായേൽ ജനതയെ തിരഞ്ഞെടുത്ത് ഒരുക്കിയതുമുതൽ മനുഷ്യൻ സത്യദൈവത്തെ ആരാധിച്ചു തുടങ്ങി. അപ്പോഴും അവന്റെ ആരാധന പൂർണമായിരുന്നില്ല. ഈശോ സമരിയാക്കാരി സ്ത്രീയോടു പറഞ്ഞു : "......ദൈവത്തെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു". ഈശോയുടെ കുരിശിലെ ബലിയിൽ കൗദാശിക മായി പങ്കുചേർന്നുകൊണ്ട് സഭ ആരാധനാ സമൂഹമായി മാറിയിരി ക്കുന്നു. ഈ വസ്തുതകൾ വ്യക്തമാകത്തക്കവിധം ക്ലാസ് നയിക്ക ണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- മനുഷ്യൻ പ്രകൃത്യാ ദൈവാരാധകനാണ്.
- യഥാർത്ഥ ദൈവത്തെ അറിയാതിരുന്ന നാളുകളിൽ അവൻ പ്രകൃതിശക്തികളെ ആരാധിച്ചു.
- എല്ലാ മതങ്ങളും ദൈവാരാധനയ്ക്ക് പ്രാധാന്യം കല്പിക്കു ന്നുണ്ട്.
- ഇസ്രായേൽ ജനത്തെ ഒരു ആരാധനാസമൂഹമായി ദൈവം തെരഞ്ഞെടുത്തു.
- കാർഷികവിഭവങ്ങളെയും ആടുമാടുകളെയും ബലിയർപ്പിച്ചു കൊണ്ട് അവർ നടത്തിയ ദൈവാരാധന അപൂർണമായിരുന്നു.

- ❖ കുരിശിലെ ബലിയിലൂടെ ഏകവും പൂർണവുമായ ബലിയർപ്പിച്ചുകൊണ്ട് ഈശോ യഥാർത്ഥ ആരാധനയെന്താണെന്ന് നമ്മെ പഠിപ്പിച്ചു.
- ❖ ഈശോയുടെ ബലിയർപ്പണത്തിന്റെ അനുസ്മരണവും ആഘോഷവുമായ വിശുദ്ധ കുർബാന, കൂദാശകൾ, യാമപ്രാർത്ഥന, തിരുനാളുകൾ, കൂദാശാനുകരണങ്ങൾ, തുടങ്ങിയവയിൽ പങ്കുചേർന്നുകൊണ്ടാണ് സഭ ഒരു ആരാധനാസമൂഹമായി തീരുന്നത്.

**b) മനോഭാവം**

- ❖ യഥാർത്ഥ ആരാധനയായ ദിവ്യബലിയിൽ സജീവമായി പങ്കുചേരാനുള്ള താല്പര്യം കുട്ടികളിൽ വളർത്തണം.
- ❖ ആരാധന വെറും അനുഷ്ഠാനമാകാതെ ആന്തരികമായി അതിൽ ഉൾച്ചേരാനുള്ള ശ്രദ്ധ ഉളവാക്കണം.

**c) ശീലം**

- ❖ അവസരം ലഭിക്കുമ്പോഴെല്ലാം ഞാൻ ദിവ്യബലിയിൽ പങ്കുചേരും.
- ❖ ദിവ്യബലിയുടെ ചൈതന്യത്തിൽ അനുദിന ജീവിതം നയിക്കാൻ ശ്രദ്ധിക്കും.

## III ബോധനോപാധികൾ

വിവിധ മതങ്ങളിലെ ആരാധനയുടെ ചിത്രങ്ങൾ, പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), പഴയനിയമ ബലിയും പുതിയനിയമ ബലിയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ചാർട്ട്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

ചിത്രങ്ങളുടെ സഹായത്തോടെ പ്രാചീനമനുഷ്യരുടെ ദൈവാരാധനയെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. തുടർന്ന് വിവിധ മതങ്ങളിലെ ദൈവാരാധനയും ഇസ്രായേലിന്റെ ആരാധനയും വിശദമാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമരിയാക്കാരി സ്ത്രീയോട് ഈശോ പറഞ്ഞ 'അരൂപിയിലും സത്യത്തിലുമുള്ള ആരാധന'യിലേയ്ക്ക് കുട്ടികളെ നയിക്കുന്നു.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

### ദൈവവചനം വായിക്കാം ധ്യാനിക്കാം

നർദേശിക്കപ്പെട്ടിരിക്കുന്ന വചനഭാഗം ക്ലാസിൽ ഉറക്കെ വായിച്ച് അതിന്റെ സന്ദേശം ഉൾക്കൊള്ളാൻ കുട്ടികളെ സഹായിക്കുന്നു

### ഓർമ്മിക്കാൻ ഒരു തിരുവചനം

പാഠത്തിൽ കൊടുത്തിരിക്കുന്ന തിരുവചനം മനഃപാഠമാക്കാൻ സഹായിക്കുന്നു. ക്ലാസിൽ ചാർട്ടായി എഴുതിയിടുന്നു.

### നമുക്കുപ്രാർത്ഥിക്കാം

നിർദേശിച്ചിരിക്കുന്ന പ്രാർത്ഥന ഒരുമിച്ചു ചൊല്ലുന്നു.

### എന്റെ തീരുമാനം

തീരുമാനം മൗനമായി വായിച്ചിട്ട് ഓരോരുത്തരായി പറയുന്നു.

### സഭാപിതാക്കന്മാർ പറയുന്നത്

ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചവരും സഭയ്ക്ക് ആധികാരികമായ പഠനങ്ങൾ നൽകിയവരും വിശുദ്ധരും സഭ അംഗീകരിച്ചവരുമായ വിജ്ഞാനികളെയാണ് സഭാപിതാക്കന്മാർ എന്നു വിളിക്കുന്നത്. ദൈവശാസ്ത്രസംബന്ധമായും ആരാധനക്രമപരമായും ഇവർ നൽകിയിട്ടുള്ള പ്രബോധനങ്ങൾ വളരെ വിലപ്പെട്ടവയാണ്. അവയെക്കുറിച്ച് അറിവു നൽകുന്നതിനാണ് ഈ ഭാഗം ക്രമീകരിച്ചിരിക്കുന്നത്. സാധിക്കുന്നിടത്തോളം ഈ വചനങ്ങൾ മനഃപാഠമാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

### ഉത്തരം കണ്ടെത്താം

1. പേജ് 10 ഖണ്ഡിക 2 ന്റെ അവസാനഭാഗം
2. പേജ് 13 ഖണ്ഡിക 4
3. പേജ് 11 'ആരാധന പഴയനിയമത്തിൽ' എന്ന തലക്കെട്ടിനു താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ചുരുക്കി എഴുതുക.
4. പേജ് 13 ഖണ്ഡിക 3
5. പേജ് 15 ഖണ്ഡിക 1

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. പാഠത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ പദങ്ങളുടെ മൂലപദങ്ങളും അർത്ഥവും എഴുതി ഒരു ചാർട്ട് രൂപീകരിക്കുന്നു. തുടർന്നുവരുന്ന പാഠങ്ങളിൽ നിന്നു ലഭിക്കുന്ന വാക്കുകൾ ചേർത്ത് അതു വിപുലീകരിക്കുന്നു.

## 2

# അടയാളങ്ങളും പ്രതീകങ്ങളും

## I ആമുഖം

ലിറ്റർജിയിൽ അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ദൈവാരാധനയിലെ വിവിധ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം മനസ്സിലാക്കിയാലേ അവയിൽ സജീവമായി പങ്കുചേരാൻ സാധിക്കുകയുള്ളു. വിശുദ്ധ കുർബ്ബാനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം മനസ്സിലാക്കി ദിവ്യബലിയിൽ സജീവമായി പങ്കുചേരാൻ കുട്ടികളെ സഹായിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ അടയാളങ്ങളും പ്രതീകങ്ങളും മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാൻ സാധിക്കാത്ത വസ്തുതകളാണ്.
- ❖ പ്രതീകങ്ങളെല്ലാം അടയാളങ്ങളാണ്. എന്നാൽ അടയാളങ്ങളെല്ലാം പ്രതീകങ്ങളല്ല.
- ❖ അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന മാധ്യമങ്ങളായി അടയാളങ്ങളും പ്രതീകങ്ങളും നിലകൊള്ളുന്നു.
- ❖ ദൈവാരാധനയിലെ അടയാളങ്ങളെ ഏഴായി തരംതിരിച്ചിരിക്കുന്നു.

### b) മനോഭാവം

- ❖ ദൈവാരാധനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥമറിയാനുള്ള താല്പര്യം അവരിൽ ഉണർത്തുന്നു.
- ❖ ദൈവാരാധനയിൽ ഭക്തിപൂർവം പങ്കുചേരാനുള്ള പ്രോത്സാഹനം നൽകുന്നു.

## c) ശീലം

- ❖ ദൈവാലയത്തിൽ ഞാൻ ഭക്തിപൂർവം പെരുമാറും.
- ❖ വിശുദ്ധ വസ്തുക്കളോട് ഞാൻ ആദരവു പുലർത്തും.

# III ബോധനോപാധികൾ

സാധാരണയായി ഉപയോഗിക്കപ്പെടുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും ചിത്രങ്ങൾ (പ്രാവ്, ത്രാസ്, ട്രാഫിക് സിഗ്നലുകൾ മുതലായവ), പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

# IV പാഠാവതരണം

ചിത്രങ്ങളുടെ സഹായത്തോടെ അനുദിനജീവിതത്തിൽ അടയാളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. തുടർന്ന് മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതിന്റെ പശ്ചാത്തലം വിവരിക്കുന്നു. കുട്ടികൾ ദൈവാലയത്തിൽ കണ്ടിട്ടുള്ള വസ്തുക്കളെന്തോക്കെയാണെന്ന് ചർച്ച ചെയ്യുന്നു.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 17 ഖണ്ഡിക 2
2. പേജ് 18 ഖണ്ഡിക 4
3. പേജ് 19 ഖണ്ഡിക 2
4. 7. വാക്കുകൾ, കർമ്മങ്ങൾ, വസ്തുക്കൾ, സ്ഥലങ്ങൾ, വ്യക്തികൾ, കലകൾ, കാലങ്ങൾ
5. പേജ് 21 ഖണ്ഡിക 4

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങളുടെ ദൈവാലയത്തിൽ കാണുന്ന പ്രധാനപ്പെട്ട തിരുവസ്തുക്കൾ ഏതെല്ലാമെന്ന് എഴുതുക.

# 3

# അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധ കുർബാനയിൽ

## I ആമുഖം

വിശുദ്ധ കുർബാനയിലെ വിവിധ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോ അന്ത്യത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി മാറ്റിക്കൊണ്ട് വിശുദ്ധ കുർബാന സ്ഥാപിച്ചു.
- ❖ ദൈവാലയം, പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ രക്ഷാകര സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്.
- ❖ ദൈവാലയത്തെ ബലിവേദി (മദ്ബഹ), ഗായകവേദി (കെസ്ത്രോമ), സമൂഹവേദി (ഹൈക്കല) എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ദൈവാലയത്തിലെ ഓരോ ഭാഗത്തിനും പ്രത്യേകമായ അർത്ഥങ്ങളുണ്ട്.
- ❖ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന വസ്തുക്കൾക്കുംആംഗ്യങ്ങൾക്കും നിലപാടുകൾക്കുമെല്ലാം വ്യക്തമായ അർത്ഥമുണ്ട്.

### b) മനോഭാവം

- ❖ വിശുദ്ധ കുർബാനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം മനസ്സിലാക്കി ബലിയിൽ സജീവമായി പങ്കുചേരണം.
- ❖ കുർബാനയിലുപയോഗിക്കുന്ന തിരുവസ്തുക്കളോടും അനുഷ്ഠാനങ്ങളോടും ആദരവും സ്നേഹവും പുലർത്തണം.

## c) ശീലം

- ❖ കുർബാനയിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന ശാരീരിക നില പാടുകൾ പാലിക്കുന്നു.
- ❖ വിശുദ്ധ കുർബാനയെക്കുറിച്ചു കൂടുതൽ അറിവുനേടാൻ ശ്രമി ക്കുന്നു.

# III ബോധനോപാധികൾ

വിശുദ്ധ കുർബാനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളു ടെയും ചിത്രങ്ങൾ, അവയുടെ അർത്ഥം വിശദമാക്കുന്ന ചാർട്ടുകൾ, ദൈവാലയം, വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

# IV പാഠാവതരണം

കുട്ടികളെ ദൈവാലയത്തിൽ കൊണ്ടുചെന്ന് അതിന്റെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുത്തി അവയുടെ പ്രതീകാത്മകമായ അർത്ഥം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. ആവശ്യാനു സരണം ചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് പാഠഭാഗത്തു പ്രതിപാദി ച്ചിരിക്കുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്നു.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 24 ഖണ്ഡിക 1 ന്റെ അവസാനം മുതൽ പേജ് 25ന്റെ 5-ാം ഖണ്ഡിക വരെ
2. പേജ് 25 ന്റെ 6-ാം ഖണ്ഡിക മുതൽ പേജ് 26ന്റെ 1-ാം ഖണ്ഡിക വരെ
3. പേജ് 26 ഖണ്ഡിക 2
4. പേജ് 26 ന്റെ അവസാനത്തെ ഖണ്ഡിക മുതൽ പേജ് 27 ന്റെ 6-ാം ഖണ്ഡിക വരെ
5. പേജ് 27ന്റെ അവസാന ഖണ്ഡിക മുതൽ പാഠാവസാനം വരെ

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് അവയുടെ അർത്ഥം എഴുതി ഒരു ചാർട്ട് തയ്യാറാക്കുക.

# 4
# വിശുദ്ധ കുർബാന
# പരമോന്നത ആരാധന

## I ആമുഖം

വിശുദ്ധ കുർബാനയാണ് ഏറ്റവും പരമോന്നതമായ ആരാധന. ഈശോ പിതാവിനർപ്പിച്ച പരമമായ ബലിയുടെ കൗദാശികമായ ആഘോഷമാണത്. അതു ബലിയും വിരുന്നുമാണ്. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ വിശുദ്ധ കുർബാനയെക്കുറിച്ചറിയാനും അതിൽനിന്നു ശക്തിയാർജിച്ചു വളരാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോ പിതാവിനർപ്പിച്ച ബലിയുടെ കൗദാശികമായ ആഘോഷമാണ് വിശുദ്ധ കുർബാന.
- ❖ വിശുദ്ധ കുർബാന ബലിയും വിരുന്നുമാണ്.
- ❖ ഈശോയുടെ ജനനം മുതൽ രണ്ടാമത്തെ ആഗമനം വരെയുള്ള മിശിഹാരഹസ്യങ്ങൾ വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.
- ❖ ഓരോ അൾത്താരയിലും ബലിയർപ്പിക്കുന്നത് അവിടുത്തെ പ്രതിനിധിയായ പുരോഹിതനിലൂടെ ഈശോ തന്നെയാണ്.
- ❖ ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജം നൽകുന്ന ശക്തി സ്രോതസാണ് വിശുദ്ധ കുർബാന.
- ❖ വിശുദ്ധ കുർബാനയിൽ തന്നെത്തന്നെ നമുക്കു മുറിച്ചു നൽകിയ ഈശോയെപ്പോലെ കർമ്മവേദിയിൽ മറ്റുള്ളവർക്കായി മുറിച്ചുനൽകാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു.

### b) മനോഭാവം

- ❖ വിശുദ്ധ കുർബാനയിൽ താല്പര്യത്തോടെ പങ്കുചേരണം.
- ❖ വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കുന്നതിൽ നിഷ്ഠ പുലർത്തണം.

**c) ശീലം**

- ❖ വിശുദ്ധ കുർബാന സ്വീകരിക്കാനുള്ള ഒരുക്കത്തോടെ കുർബാനയ്ക്കണയുന്നു.
- ❖ ബലിജീവിതം നയിക്കാൻ വേണ്ട ശക്തി വിശുദ്ധ കുർബാനയിൽ നിന്ന് ആർജിക്കുന്നു.

# III ബോധനോപാധികൾ

കാൽവരിയിലെ ബലി, അന്ത്യത്താഴം, അൾത്താരയിലെ ബലി ഇവയുടെ ചിത്രങ്ങൾ. പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിശുദ്ധ ഗ്രന്ഥം, കുർബാന പുസ്തകം

# IV പാഠാവതരണം

അബ്രാഹത്തിന്റെ ബലിയുടെ കഥ അവതരിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. കാൽവരിയിലെ ബലിയിൽ ദൈവത്തിന്റെ ഏകജാതൻ തന്നെത്തന്നെ അർപ്പിച്ചു. ഈ ബലിയുടെ കൗദാശികരൂപമാണ് അന്ത്യത്താഴത്തിലെ വിശുദ്ധ കുർബാനയുടെ സ്ഥാപനം. കുർബാനയിലെ പ്രാർത്ഥനകൾ വിശകലനം ചെയ്തുകൊണ്ട് മിശിഹാരഹസ്യങ്ങളെല്ലാം വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും സന്നിഹിതമാക്കുകയുമാണെന്ന് വ്യക്തമാക്കികൊടുക്കുന്നു. വിശുദ്ധ കുർബാനയിൽ നിന്നു ശക്തിയാർജിച്ച് മറ്റുള്ളവർക്കായി ജീവിതമർപ്പിച്ച വിശുദ്ധരുടെ ജീവിതാനുഭവങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് ബലിജീവിതം നയിക്കാനുള്ള പ്രചോദനം നൽകാം.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 31 ഖണ്ഡിക 2 ന്റെ അവസാനം
2. പേജ് 33 ന്റെ അവസാന ഖണ്ഡിക മുതൽ പേജ് 34 ന്റെ 1-ാം ഖണ്ഡിക വരെ
3. പേജ് 33 ഖണ്ഡിക 2,3
4. പേജ് 34 ന്റെ അവസാനത്തെ ഖണ്ഡിക മുതൽ പേജ് 35 ന്റെ 2-ാം ഖണ്ഡിക വരെ
5. പേജ് 32

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. വിശുദ്ധ കുർബാനയെക്കുറിച്ച് വിശുദ്ധർ പറഞ്ഞ വചനങ്ങൾ ശേഖരിച്ച് ക്ലാസിൽ പങ്കുവയ്ക്കുക

# 5

# വിശുദ്ധ കുർബാന: ആമുഖശുശ്രൂഷയും വചനശുശ്രൂഷയും

## I ആമുഖം

വിശുദ്ധ കുർബാനയിലെ ആമുഖശുശ്രൂഷയുടെയും വചനശുശ്രൂഷയുടെയും ഭാഗങ്ങൾ ഏതെല്ലാമെന്നും അവയിൽ പങ്കുചേരുമ്പോൾ നാം പുലർത്തേണ്ട മനോഭാവമെന്താണെന്നും മനസ്സിലാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പിനെയും അവിടുത്തെ തിരുപ്പിറവിയെയും രഹസ്യജീവിതത്തെയും വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഭാഗമാണ് ആമുഖശുശ്രൂഷ.
- ❖ അന്നാപെസഹാത്തിരുന്നാളിൽ എന്ന ഗീതം മുതൽ ഉത്ഥാനഗീതത്തിനു ശേഷമുള്ള പ്രാർത്ഥനവരെയുള്ള ഭാഗമാണ് ആമുഖശുശ്രൂഷയിലുള്ളത്.
- ❖ ആരോടും പിണക്കമില്ലാത്ത മനസ്സോടെ വേണം വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനെന്ന് ആദ്യത്തെ ഗീതം അനുസ്മരിപ്പിക്കുന്നു.
- ❖ കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രന്റെ സ്നേഹമോർത്ത് അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്നു പാടി ദൈവത്തെ സ്തുതിക്കുന്നു.
- ❖ ഈശോമിശിഹാവഴി ദൈവമക്കളായിത്തീർന്ന നമ്മൾ ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നു.

❖ 'സ്വർഗസ്ഥനായപിതാവേ' എന്ന പ്രാർത്ഥനയ്ക്കിടയിലെ പരിശുദ്ധൻ പരിശുദ്ധൻ ... എന്ന സ്തുതിപ്പ് സ്വർഗവാസികളോടു ചേർന്നാണ് നമ്മൾ ബലിയർപ്പിക്കുന്നത് എന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

❖ സങ്കീർത്തനങ്ങളിലൂടെ ഇസ്രായേൽജനത്തിന്റെ ഹൃദയവികാരങ്ങളോടെ നമ്മളും ദൈവത്തെ സ്തുതിക്കുന്നു.

❖ ഉത്ഥാനഗീതം ഈശോയുടെ മാമ്മോദീസ, നമ്മുടെ മാമ്മോദീസ, ഈശോയുടെ മരണോത്ഥാനങ്ങൾ, നമുക്കു ലഭിക്കാനിരിക്കുന്ന സ്വർഗീയ മഹത്വം ഇവയെല്ലാം അനുസ്മരിപ്പിക്കുന്നു.

❖ വചനശുശ്രൂഷയിൽ ഈശോയുടെ പരസ്യജീവിതം, സുവിശേഷപ്രഘോഷണം, പ്രേഷിതപ്രവൃത്തികൾ എന്നിവയെല്ലാം നാം അനുസ്മരിക്കുന്നു.

**b) മനോഭാവം**

❖ അനുരഞ്ജനത്തിന്റെ ബലിയിൽ അനുരഞ്ജിതരായി നാം പങ്കെടുക്കണം.

❖ വിശുദ്ധ കുർബാനയിൽ ആദ്യന്തം സ്തുതിയുടെയും കൃതജ്ഞതയുടെയും ഭാവം പുലർത്തണം.

**c) ശീലം**

❖ ദിവ്യബലിയിലെ പ്രാർത്ഥനകൾ അർത്ഥം മനസ്സിലാക്കി ചൊല്ലുന്നു.

❖ വിശുദ്ധ കുർബാനയിലെ വചനപ്രഘോഷണം താല്പര്യത്തോടെ ശ്രവിക്കുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

## IV പാഠാവതരണം

എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാർ ഈശോയെ അനുഭവിച്ച സംഭവം അവതരിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. തുടർന്ന് കുർബാനപ്പുസ്തകത്തിലെ ഓരോ പ്രാർത്ഥനകളും വായിപ്പിച്ച് ആവശ്യമായ വിശദീകരണങ്ങൾ നൽകാം. ദൈവസ്നേഹത്താൽ നിറഞ്ഞ്

ബലിയർപ്പിക്കാൻ പ്രചോദനം ലഭിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 42,43,44 ലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരമെഴുതുക.
2. പേജ് 39 മുതൽ 41 വരെയുള്ള പേജുകളിൽ
3. പേജ് 41 ഖണ്ഡിക 2,3
4. പേജ് 42 ഖണ്ഡിക 2
5. പേജ് 42 ന്റെ അവസാനം മുതൽ പേജ് 43 ന്റെ 1,2 ഖണ്ഡിക

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ആമുഖ, വചന ശുശ്രൂഷകളിലെ പ്രാർത്ഥനകളും അവ അനുസ്മരിപ്പിക്കുന്ന മിശിഹാരഹസ്യങ്ങളും എഴുതി ചാർട്ടു തയ്യാറാക്കുക.

# 6

# വിശുദ്ധ കുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും

## I ആമുഖം

വിശുദ്ധ കുർബാനയിലെ ഒരുക്കശുശ്രൂഷയുടെയും അനാഫൊറ യുടെയും ഭാഗങ്ങൾ ഏതെല്ലാമെന്നും അവയിൽ പങ്കുചേരുമ്പോൾ നാം പുലർത്തേണ്ട മനോഭാവമെന്താണെന്നും മനസ്സിലാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോയുടെ മരണോത്ഥാന രഹസ്യങ്ങളുടെ ആഘോഷമായ അനാഫൊറയ്ക്ക് ഒരുക്കമായി നടത്തുന്ന ശുശ്രൂഷയാണ് ഒരുക്കശുശ്രൂഷ.
- ❖ ബലിവസ്തുക്കളുടെ ഒരുക്കം, അയോഗ്യരെ പറഞ്ഞയയ്ക്കൽ, സാഷ്ടാംഗ പ്രണാമം, കൈകഴുകൽ, ബലിവസ്തുക്കളുടെ സമർപ്പണം, വിശ്വാസപ്രമാണം, മദ്ബഹാ പ്രവേശനം എന്നിവയെല്ലാം ഒരുക്കശുശ്രൂഷയുടെ ഭാഗങ്ങളാണ്.
- ❖ ഇവയിൽ ബലിവസ്തുക്കളുടെ ഒരുക്കവും സമർപ്പണവും, ബലിവസ്തുക്കൾ ശോശപ്പാകൊണ്ടു മൂടുന്നതും ഭൗതിക ഒരുക്കങ്ങളും മറ്റുള്ളവ ആദ്ധ്യാത്മിക ഒരുക്കവുമാണ്.
- ❖ അനാഫൊറയിൽ നാലു ഗ്ഹാന്താവൃത്തങ്ങളാണുള്ളത്. ഓരോ ഗ്ഹാന്താവൃത്തത്തിലും പ്രാർത്ഥനായാചന, രഹസ്യ പ്രാർത്ഥന, സ്തുതിഗീതം, പ്രണാമജപം എന്നിങ്ങനെ നാലു പ്രധാന പ്രാർത്ഥനകളും ഉണ്ട്.
- ❖ വിശുദ്ധ കുർബാനയുടെ കൂദാശാഭാഗം എന്നറിയപ്പെടുന്നഅ നാഫൊറയിൽ ഈശോയുടെ മരണം, ഉത്ഥാനം, പരിശുദ്ധാത്മാവിന്റെ ആഗമനം എന്നിവയെല്ലാം അനുസ്മരിക്കുന്നു.

**b) മനോഭാവം**

- ❖ ഈശോയുടെ മരണോത്ഥാനരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് വിശുദ്ധ കുർബാനയിൽ പങ്കുചേരണം.
- ❖ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് വിശുദ്ധ കുർബാനയിൽ നിലകൊള്ളണം.

**c) ശീലം**

- ❖ ഭക്ത്യാദരങ്ങളോടെ ദിവ്യബലിയിൽ ആദ്യന്തം പങ്കുചേരുന്നു.
- ❖ അനുദിന ജീവിതത്തിലുണ്ടാകുന്ന വേദനകളും സഹനങ്ങളും സന്തോഷപൂർവം സമർപ്പിച്ചുകൊണ്ട് വിശുദ്ധബലി അർപ്പിക്കുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), ഓരോ ഗ്ഹാന്താവൃത്തത്തിലെയും പ്രാർത്ഥനകൾ വ്യക്തമാക്കുന്ന ചാർട്ട്, വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സി.ഡി, വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

## IV പാഠാവതരണം

വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സി.ഡിയിലെ പ്രസക്തഭാഗങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടോ കുർബാനപ്പുസ്തകത്തിലെ പ്രാർത്ഥനകൾ വായിച്ചുകൊണ്ടോ ക്ലാസ് ആരംഭിക്കാം. വിശുദ്ധ കുർബാനയിലെ ഏറ്റവും പ്രധാന ഭാഗമാണ് അനാഫൊറ എന്ന ബോധ്യം ലഭിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 46 ഖണ്ഡിക 2.
2. പേജ് 47 ഖണ്ഡിക 2.
3. പേജ് 48 ന്റെ അവസാന ഖണ്ഡിക
4. പേജ് 50 ഖണ്ഡിക 1
5. പേജ് 53 ന്റെ അവസാനം മുതൽ പേജ് 54 ന്റെ 1-ാം ഖണ്ഡികയും

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ഒരുക്കശുശ്രൂഷയിലെ കർമ്മങ്ങളും അവ അനുസ്മരിപ്പിക്കുന്ന മിശിഹാരഹസ്യങ്ങളും എഴുതി ചാർട്ടു തയ്യാറാക്കുക.

# 7
# വിശുദ്ധ കുർബാന
# ദൈവൈക്യശുശ്രൂഷയും സമാപനവും

## I ആമുഖം

വിശുദ്ധ കുർബാനയിലെ ദൈവൈക്യശുശ്രൂഷയുടെയും സമാപനശുശ്രൂഷയുടെയും ഭാഗങ്ങൾ ഏതെല്ലാമെന്നും അവയിൽ പങ്കുചേരുമ്പോൾ നാം പുലർത്തേണ്ട മനോഭാവമെന്താണെന്നും മനസ്സിലാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

❖ ദൈവൈക്യശുശ്രൂഷയ്ക്കു മുൻപായുള്ള അനുരഞ്ജനശുശ്രൂഷയിൽ അനുതാപത്തോടെ പങ്കുചേരുമ്പോൾ നമ്മുടെ ലഘുപാപങ്ങളെല്ലാം മോചിക്കപ്പെടുന്നു.

❖ വിഭജനശുശ്രൂഷയിൽ നമ്മുടെ പാപപരിഹാരാർത്ഥം വിഭജിക്കപ്പെട്ട ഈശോയുടെ തിരുശരീരത്തെ അനുസ്മരിക്കുന്നു.

❖ അനുരഞ്ജന കാറോസൂസാ വിശുദ്ധ കുർബാനയുടെ സ്വീകരണത്തിനൊരുക്കമായി നാം ചെയ്യേണ്ട കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

❖ ദൈവൈക്യശുശ്രൂഷയുടെ പ്രധാന ഘടകം വിശുദ്ധ കുർബാനയുടെ സ്വീകരണവും അതുവഴി ലഭിക്കുന്ന ദൈവൈക്യവുമാണ്.

❖ സമാപനാശീർവാദം സ്വീകരിച്ചുകൊണ്ട് ദൈവാലയത്തിൽ നിന്നു പുറത്തിറങ്ങുന്ന നമ്മൾ ഈശോയുടെ സാക്ഷികളായി ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

**b) മനോഭാവം**

- ❖ പാപമോചനം ലഭിക്കണമെന്ന ആഗ്രഹത്തോടെ ദിവ്യബലിയിൽ പങ്കുചേരണം.
- ❖ വിശുദ്ധ കുർബാന സ്വീകരണം ബലിയർപ്പണത്തിന്റെ അവശ്യഘടകമാണെന്നു മനസ്സിലാക്കണം.

**c) ശീലം**

- ❖ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോഴെല്ലാം യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കും.
- ❖ ദൈവവചനത്തിനു സാക്ഷ്യം വഹിക്കാനുള്ള അവസരങ്ങൾ ഞാൻ ഉപയോഗിക്കും.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സി.ഡി, ഫോട്ടോകൾ, വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

## IV പാഠാവതരണം

കഴിഞ്ഞ പാഠത്തിലേതുപോലെതന്നെ സി.ഡി ഉപയോഗിച്ചോ അനുരഞ്ജനകാറോസൂസായിലെ പ്രാർത്ഥനകൾ വിശകലനം ചെയ്തുകൊണ്ടോ ക്ലാസ് ആരംഭിക്കാം. ബലിയർപ്പണം അൾത്താരയിൽ പൂർണമാകുന്നില്ലെന്നും ജീവിതസാക്ഷ്യത്തിലൂടെയേ അതു പൂർത്തിയാകുകയുള്ളുവെന്നുമുള്ള ബോധ്യം ലഭിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

ഉത്തരം കണ്ടെത്താം

1. പേജ് 62 ഖണ്ഡിക 2.
2. പേജ് 58 കോളം
3. പേജ് 59 ഖണ്ഡിക 3
4. പേജ് 61 ഖണ്ഡിക 1
5. പേജ് 61 ഖണ്ഡിക 3

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. വിശുദ്ധ കുർബാനയിൽ പങ്കെടുത്തശേഷം പുറത്തേയ്ക്കിറങ്ങുന്ന സഭാതനയർ അയയ്ക്കപ്പെടാവുന്ന പ്രേഷിതമേഖലകൾ ചർച്ച ചെയ്യുക.

# 8
# ദൈവവചനവും ക്രൈസ്തവജീവിതവും

## I ആമുഖം

ദൈവവചനത്തിന്റെ പ്രാധാന്യവും ക്രൈസ്തവജീവിതത്തിൽ അതിനുള്ള സ്ഥാനവുംവ്യക്തമാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമാണ് ദൈവവ ചനം.
- ❖ നമ്മുടെ വിശ്വാസത്തിന്റെ കാതൽ നമുക്കു വെളിപ്പെട്ടുകിട്ടി യത് ദൈവവചനത്തിലൂടെയാണ്.
- ❖ ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനു ഷ്യനു തുല്യനാണ്.
- ❖ ഈശോയുടെ യഥാർത്ഥ ശിഷ്യരാകുവാൻ വചനത്തിലുള്ള നിലനിൽപ്പ് ആവശ്യമാണ്.
- ❖ ദൈവവചനശ്രവണം മാനസാന്തരത്തിലേയ്ക്കു നയിക്കണം.
- ❖ ദൈവവചനം അന്ധകാരത്തെ അകറ്റുന്നു; അതു ജീവദായ കവും രക്ഷാദായകവുമാണ്. അതു നമ്മെ സ്വതന്ത്രരാക്കുകയും വിശുദ്ധീകരിക്കുകയും നമുക്കു നിത്യജീവൻ നൽകുകയും ചെയ്യുന്നു.

### b) മനോഭാവം

- ❖ ദൈവവചനത്തോട് ആദരവും സ്നേഹവും.
- ❖ വചനം ശ്രവിക്കുവാൻ താല്പര്യം.

### c) ശീലം

- ❖ എന്നും നിഷ്ഠയോടെ ദൈവവചനം വായിക്കും.
- ❖ ദൈവവചനം മനഃപാഠമാക്കി സന്ദർഭാനുസരണം പങ്കുവയ്ക്കും.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), ദൈവവചനത്തിന്റെ ശക്തി പ്രകടമാക്കിയ ഈശോയുടെ അത്ഭുതങ്ങളുടെ ചിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, കുർബാനപ്പുസ്തകം

## IV പാഠാവതരണം

പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഈശോയെ കാണാനെത്തിയ അമ്മയേയും സഹോദരങ്ങളെയും കുറിച്ച് ഈശോ പറഞ്ഞ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. തുടർന്ന് ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് കുട്ടികൾ കേട്ടിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ കാര്യങ്ങൾ പങ്കുവയ്പ്പിക്കാം. ചിത്രങ്ങളുടെ സഹായത്തോടെ പാഠപുസ്തകത്തിൽ വചനത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

ഉത്തരം കണ്ടെത്താം

1. പേജ് 63 അവസാന ഖണ്ഡിക മുതൽ പേജ് 64 ലെ കോളം വരെ
2. പേജ് 65 ഖണ്ഡിക 2,3
3. പേജ് 67 ഖണ്ഡിക 2,3
4. പേജ് 65 ന്റെ അവസാനം മുതൽ 68 ന്റെ അവസാനം വരെയുള്ള ഭാഗത്തിന്റെ ആശയം ചുരുക്കി എഴുതുക
5. പേജ് 68 കോളം

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ഓരോ ദിവസവും വായിക്കുന്ന വചനഭാഗത്തുനിന്നും ഹൃദയസ്പർശിയായ വചനങ്ങൾ രേഖപ്പെടുത്തി വയ്ക്കുക.

# 9
# കൂദാശകളും ക്രൈസ്തവ ജീവിതവും

## I ആമുഖം

കൂദാശകളെക്കുറിച്ചുള്ള അറിവുനൽകുന്ന പാഠമാണിത്. പരിശുദ്ധാത്മാവിനെ നമുക്കു നൽകുന്ന രക്ഷാകരമായ അടയാളങ്ങളാണ് കൂദാശകളെന്നും ഈശോമിശിഹായാണ് അടിസ്ഥാന കൂദാശയെന്നും സഭ മിശിഹായുടെ കൂദാശയാണെന്നുമുള്ള അടിസ്ഥാനപരമായ അറിവു കുട്ടികൾക്കു ലഭിക്കണം. ഒപ്പം കൂദാശകൾക്കു ക്രൈസ്തവ ജീവിതത്തിലുള്ള സ്ഥാനമെന്തെന്നു മനസ്സിലാക്കി യോഗ്യതയോടെ കൂദാശകൾ സ്വീകരിക്കാനുള്ള താൽപര്യം അവരിൽ ജനിക്കത്തക്ക വിധം പാഠം അവതരിപ്പിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ പരിശുദ്ധാത്മാവിനെ നമുക്കു നൽകുന്ന രക്ഷാകരമായ അടയാളങ്ങളാണ് കൂദാശകൾ.
- ❖ പിതാവിനെ നമുക്കു വെളിപ്പെടുത്തിത്തരുന്ന ഈശോമിശിഹായാണ് അടിസ്ഥാനകൂദാശ.
- ❖ വിശുദ്ധീകരിക്കുന്നവനായ മിശിഹായെത്തന്നെ നമുക്കു നൽകിക്കൊണ്ട് സഭ മിശിഹായുടെ കൂദാശയായി വർത്തിക്കുന്നു.
- ❖ അദൃശ്യമായ ദൈവികജീവൻ അഥവാ കൃപാവരം നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഈശോമിശിഹാ സ്ഥാപിച്ചതും തിരുസഭ പരികർമം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.
- ❖ കൂദാശകൾ നമ്മുടെ ജീവിത കാലഘട്ടങ്ങളെ വിശുദ്ധീകരിക്കുകയും നമ്മെ ദൈവകൃപയിൽ വളർത്തുകയും ചെയ്യുന്നു.

- ❖ കൂദാശകളിലൂടെ നമ്മെ വിശുദ്ധീകരിക്കുന്നതും രക്ഷയുടെ അനുഭവത്തിലേയ്ക്കു നയിക്കുന്നതും കൂദാശകളിൽ സന്നി ഹിതനായിരിക്കുന്ന ഈശോ തന്നെയാണ്.

## b) മനോഭാവം

- ❖ കൂദാശകളോട് ആദരവും സ്നേഹവും.
- ❖ കൂദാശകൾ വിശുദ്ധീകരണ മാർഗമാണെന്ന ചിന്തയോടെ താല്പര്യപൂർവം അതിൽ പങ്കുചേരുന്നു.

## c) ശീലം

- ❖ ജീവിതത്തെ വിശുദ്ധീകരിക്കുന്ന വിശുദ്ധ കുർബാനയിൽ അനുദിനം പങ്കെടുക്കും. അനുരഞ്ജനകൂദാശ അടുക്കലടുക്കൽ സ്വീകരിക്കും.
- ❖ എല്ലാ കൂദാശകളിലും ഒരുക്കത്തോടും ഭക്തിയോടും ശ്രദ്ധയോടും കൂടെ പങ്കെടുക്കും.

# III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), ഓരോ കൂദാശയും അതിനു ചേരുന്ന ബൈബിൾചിത്രങ്ങളും വരച്ച് എഴുതിയ ചാർട്ട് (ഉദാ: മാമ്മോദീസ - ഈശോ മാമ്മോദീസാ സ്വീകരിക്കുന്ന ചിത്രം), വിശുദ്ധ ഗ്രന്ഥം.

# IV പാഠാവതരണം

പാഠപുസ്തകത്തിലെ പേജ് 74 ലെ ചിത്രത്തിന്റെ വലിയ രൂപം ഉപയോഗിച്ച് കൂദാശകളെക്കുറിച്ചുള്ള ചർച്ചയോടെ ക്ലാസ് ആരംഭിക്കാം. തുടർന്ന് കൂദാശകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും ഈശോ എങ്ങനെയാണ് പിതാവിന്റെ കൂദാശയാകുന്നത്? സഭയെ മിശിഹായുടെ കൂദാശയെന്നു വിളിക്കാൻ കാരണമെന്ത്? തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കാം. ചിത്രങ്ങളുടെ സഹായത്തോടെ കൂദാശകൾ വചനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊടുക്കാം.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 71 ഖണ്ഡിക 1.
2. പേജ് 71 ഖണ്ഡിക 2
3. പേജ് 72 ഖണ്ഡിക 2
4. പേജ് 72 ഖണ്ഡിക 3,4
5. പേജ് 73 ഖണ്ഡിക 2

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ഒരു വ്യക്തിയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുന്ന കൂദാശകളുടെ ചാർട്ടു തയ്യാറാക്കുക.

# 10
# പ്രവേശക കൂദാശകൾ

## I ആമുഖം

പ്രവേശകകൂദാശകൾ ഏതെല്ലാമാണെന്നും അവ അങ്ങനെ വിളിക്കപ്പെടാൻ കാരണമെന്തെന്നും അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഏവയെന്നും വ്യക്തമാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. പ്രധാനമായും മാമ്മോദീസാ, തൈലാഭിഷേകം എന്നീ കൂദാശകളാണ് ഈ പാഠത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ മാമ്മോദീസാ, തൈലാഭിഷേകം, വിശുദ്ധ കുർബാന എന്നിവയാണ് പ്രവേശകകൂദാശകൾ.
- ❖ മിശിഹാരഹസ്യത്തിലേയ്ക്കും സഭാസമൂഹത്തിലേയ്ക്കും ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്ന കൂദാശകളായതിനാലാണ് ഇവയെ പ്രവേശകകൂദാശകൾ എന്നു വിളിക്കുന്നത്.
- ❖ മാമ്മോദീസാ ഈശോയുടെ മരണോത്ഥാനങ്ങളിലുള്ള പങ്കുചേരലാണ്.
- ❖ മാമ്മോദീസായുടെ ഫലങ്ങൾ : പാപമോചനം, ദൈവമക്കളാകുന്നു, സഭാകൂട്ടായ്മയിലേയ്ക്ക് ഉൾച്ചേർക്കപ്പെടുന്നു.
- ❖ മാമ്മോദീസാ വിശ്വാസത്തിന്റെ കൂദാശയാണ്.
- ❖ മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീർന്ന നമുക്ക് മിശിഹായുടെ സുവിശേഷം പ്രഘോഷിക്കുന്നതിനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ ശക്തിയും വരങ്ങളും നൽകുന്ന കൂദാശയാണ് തൈലാഭിഷേകം.
- ❖ നമ്മൾ പരിശുദ്ധാത്മാവിൻെറ ആലയങ്ങളാണ്.

**b) മനോഭാവം**

- ❖ ദൈവമക്കളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമാണെന്ന മതിപ്പും സ്നേഹവും നമ്മോടുതന്നെയും മറ്റുള്ളവരോടും പുലർത്തുക.
- ❖ ശരീരത്തെ വിശുദ്ധവും നിർമ്മലവുമായി സൂക്ഷിക്കാനുള്ള നിഷ്ഠ.

**c) ശീലം**

- ❖ ദൈവമക്കൾക്കു യോജിച്ചവിധം സ്നേഹത്തിനു സാക്ഷ്യം വഹിച്ചു ജീവിക്കുന്നു.
- ❖ എല്ലാവരേയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), മാമ്മോദീസായും തൈലാഭിഷേകവും സ്വീകരിക്കുന്ന ഫോട്ടോ, മാമ്മോദീസായിലെ വിവിധ കർമ്മങ്ങളും അവയുടെ അർത്ഥവും വിശദമാക്കുന്ന ചാർട്ട്, വിശുദ്ധ ഗ്രന്ഥം.

## IV പാഠാവതരണം

ഉത്ഥാനശേഷം ഈശോ അപ്പസ്തോലന്മാരെ ദൗത്യമേൽപ്പിക്കുന്ന സംഭവം ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. മാമ്മോദീസാ സ്വീകരിക്കുന്നതിന്റെ ഫോട്ടോകൾ ഉപയോഗിച്ച് ഓരോ കർമത്തിന്റെയും അർത്ഥം വിശദമാക്കാം. ചിത്രങ്ങളുടെ സഹായത്തോടെ പന്തക്കുസ്തായും തൈലാഭിഷേക കൂദാശകളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊടുക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 76 ഖണ്ഡിക 2
2. പേജ് 77 ഖണ്ഡിക 1
3. പേജ് 77 ഖണ്ഡിക 3,4
4. പേജ് 80 ഖണ്ഡിക 2
5. പേജ് 82 ഖണ്ഡിക 1

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. വിവിധ കൂദാശകളും അവയിലെ പ്രധാന കർമ്മങ്ങളും ചിത്രങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ചാർട്ട് നിർമ്മിക്കുക.

# 11
# സൗഖ്യദായക കൂദാശകൾ

## I ആമുഖം

സൗഖ്യദായകകൂദാശകളായ അനുരഞ്ജനകൂദാശ, രോഗീലേപനം എന്നിവയെക്കുറിച്ച് അറിവുനൽകുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. ഈ കൂദാശകളോട് ആദരവും സ്നേഹവും വളരുവാനും അനുരഞ്ജനകൂദാശ അടുക്കലടുക്കൽ സ്വീകരിക്കുവാനും ഉള്ള മനോഭാവം കുട്ടികളിൽ വളരണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ അനുരഞ്ജനകൂദാശ, രോഗീലേപനം എന്നീ കൂദാശകൾ സവിശേഷമാംവിധം പാപമോചനവും സൗഖ്യവും നൽകുന്നതിനാൽ അവയെ സൗഖ്യദായക കൂദാശകൾ എന്നു പറയുന്നു.
- ❖ പാപങ്ങളിൽ നിന്നും മോചനവും വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള കൃപയും നൽകി ദൈവത്തോടും സഹോദരങ്ങളോടും നമ്മെ രമ്യപ്പെടുത്തുന്ന കൂദാശയാണ് അനുരഞ്ജന കൂദാശ.
- ❖ പാപം വഴി ശിഥിലമാകുന്ന നാലു തലങ്ങളിലുള്ള ബന്ധങ്ങളും - ദൈവവുമായും, സഹോദരങ്ങളുമായും, അവനവനോടുതന്നെയും, പ്രപഞ്ചത്തോടും ഉള്ള ബന്ധങ്ങൾ- അനുരഞ്ജനകൂദാശ വഴി പുനഃസ്ഥാപിക്കപ്പെടുന്നു.
- ❖ പാപമോചനാധികാരം മിശിഹാ സഭയെ ഏൽപ്പിച്ചിരിക്കുന്നതിനാൽ സഭയുടെ പ്രതിനിധിയായ പുരോഹിതനോട് പാപം ഏറ്റുപറയേണ്ടത് പാപമോചനത്തിന് ആവശ്യമാണ്.
- ❖ അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കാൻ അഞ്ചു കാര്യങ്ങൾ ശ്രദ്ധിക്കണം; ആത്മശോധന, മനസ്താപം, പ്രതിജ്ഞ, ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം.
- ❖ പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം..

**b) മനോഭാവം**

- ❖ അടുക്കലടുക്കൽ അനുരഞ്ജനകൂദാശ സ്വീകരിക്കാനുള്ള താല്പര്യം.
- ❖ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിക്കുവാനുള്ള ശ്രദ്ധ.

**c) ശീലം**

- ❖ പാപം ചെയ്യാനിടയായാൽ എത്രയും വേഗം അനുരഞ്ജന കൂദാശ സ്വീകരിക്കുന്നു.
- ❖ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), ഈശോ പാപ മോചനവും സൗഖ്യവും നൽകുന്ന ചിത്രങ്ങൾ, പുരോഹിതൻ പാപം മോചിക്കുമ്പോൾ ഈശോ അനുഗ്രഹിക്കുന്നതായി കാണിക്കുന്ന ചിത്രം, സെന്റ് അഗസ്റ്റിന്റെ മാനസാന്തരകഥ, വിശുദ്ധ ഗ്രന്ഥം.

## IV പാഠാവതരണം

ധൂർത്തപുത്രന്റെ ഉപമ ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭി ക്കാം. പാപമോചനം വഴി ലഭിക്കുന്ന വലിയ ഹൃദയസമാധാനത്തെ ക്കുറിച്ചു പങ്കുവയ്ക്കാം.

പുരോഹിതൻ പാപം മോചിക്കുമ്പോൾ ഈശോ തന്നെയാണ് പാപം മോചിക്കുന്നതെന്ന സത്യം ചിത്രത്തിന്റെ സഹായത്തോടെ മനസ്സിലാക്കിക്കൊടുക്കാം. രോഗീലേപനം നൽകുന്ന ഒരു സന്ദർഭ ത്തിൽ പങ്കുചേരാൻ അവസരം നൽകാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 84 ഖണ്ഡിക 2,
2. പേജ് 87 ഖണ്ഡിക 1
3. പേജ് 87 ഖണ്ഡിക 2
4. പേജ് 87
5. പേജ് 88 ഖണ്ഡിക 3

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. അവസരം കിട്ടുമ്പോൾ ഒരു രോഗീലേപനശുശ്രൂഷയിൽ പങ്കെ ടുക്കുക.

# 12
# തിരുപ്പട്ടം

## I ആമുഖം

തിരുപ്പട്ടം എന്ന കൂദാശയെക്കുറിച്ച് അറിവുനൽകുക, പൗരോഹിത്യത്തിന്റെ മഹത്വം മനസ്സിലാക്കി വൈദികരെ ആദരിക്കാനും അനുസരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ദൈവത്തിന്റെയും മനുഷ്യരുടെയുംഇടയിൽ മധ്യവർത്തിയായി വർത്തിക്കുന്ന വ്യക്തിയാണ് പുരോഹിതൻ.
- ❖ മാമ്മോദീസായിലൂടെ നാമെല്ലാവരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഇതാണ് ദൈവജനത്തിന്റെ പൊതു പൗരോഹിത്യം. എന്നാൽ തന്നോടു കൂടി ആയിരിക്കാനും പ്രസംഗിക്കാൻ അയയ്ക്കാനും രോഗികളെ സുഖപ്പെടുത്താനും പിശാചുക്കളെ പുറത്താക്കാനും അധികാരം നൽകുന്നതിനുവേണ്ടി പ്രത്യേകം നിയോഗിക്കപ്പെടുന്നവരാണ് ശുശ്രൂഷാപൗരോഹിത്യമുള്ളവരായ വൈദികർ.
- ❖ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ കൈവയ്പ്പു ശുശ്രൂഷയിലൂടെയാണ് പൗരോഹിത്യം നൽകപ്പെടുന്നത്.
- ❖ ദൈവജനത്തെ പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നിവയാണ് പുരോഹിത ധർമ്മങ്ങൾ.
- ❖ നിരന്തരമായ പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം, വിശുദ്ധഗ്രന്ഥ പാരായണം എന്നിവയിലൂടെ സ്വന്തം ദൈവവിളി കണ്ടെത്താൻ പരിശ്രമിക്കണം.

**b) മനോഭാവം**

- ❖ പുരോഹിതരോടുള്ള ആദരവും സ്നേഹവും.
- ❖ പൗരോഹിത്യത്തിലേയ്ക്കുള്ള വിളിക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ആഗ്രഹം.

**c) ശീലം**

- ❖ പുരോഹിതരെ കാണുമ്പോൾ സ്തുതി ചൊല്ലുന്നു.
- ❖ സഭയിൽ ധാരാളം പുരോഹിതരുണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), തിരുപ്പട്ടം നൽകുന്നതിന്റെ ചിത്രങ്ങൾ/ സി.ഡി, തിരുപ്പട്ടക്രമത്തിന്റെ ടെക്സ്റ്റ്, വിശുദ്ധ ഗ്രന്ഥം.

## IV പാഠാവതരണം

ഈശോ ശിഷ്യന്മാരെ വിളിക്കുന്ന വിശുദ്ധഗ്രന്ഥഭാഗം വായിച്ചു ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. തിരുപ്പട്ടസ്വീകരണത്തിന്റെ സി.ഡി യോ ചിത്രങ്ങളോ ഉപയോഗിച്ച് അതിലെ കർമ്മാനുഷ്ഠാനങ്ങൾ മനസ്സിലാക്കിക്കൊടുക്കാം. തിരുപ്പട്ടസ്വീകരണത്തിന്റെ പ്രാർത്ഥനകൾ വിശദീകരിച്ചുകൊണ്ട് പൗരോഹിത്യധർമ്മങ്ങൾ വ്യക്തമാക്കാം. പഴയനിയമത്തിലെ പൗരോഹിത്യത്തെക്കുറിച്ചുള്ള വായനകളും ചർച്ചകളും വഴി പഴയനിയമപൗരോഹിത്യവും പുതിയനിയമപൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം വിശദമാക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 92 ഖണ്ഡിക 2,
2. പേജ് 92 ഖണ്ഡിക 3,4
3. പേജ് 93 ഖണ്ഡിക 3
4. പേജ് 94 ഖണ്ഡിക 2
5. പേജ് 96 ഖണ്ഡിക 2 ന്റെ അവസാനം

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്യുന്ന ഒരു വൈദികനിൽ നിങ്ങൾ കണ്ടെത്തിയിട്ടുള്ള നന്മകൾ എഴുതുക. ആ വ്യക്തിയുമായി അതു പങ്കുവയ്ക്കുകയും ചെയ്യാം.

# 13
# വിവാഹം

## I ആമുഖം

വിവാഹമെന്ന കൂദാശയെക്കുറിച്ച് അറിവുനൽകുക, അതിന്റെ മഹത്വവും ഉത്തരവാദിത്വങ്ങളും തിരിച്ചറിയാൻ കുട്ടികളെ സഹായിക്കുക എന്നിവയാണ് ഈ പാഠത്തിന്റെ ലക്ഷ്യങ്ങൾ.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ വിവാഹമെന്ന കൂദാശയിലൂടെ ഭാര്യാഭർത്താക്കന്മാർ സ്നേഹത്തിന്റെ ഉടമ്പടിവഴി ഒന്നായിത്തീരുന്നു.
- ❖ ദൈവത്താൽ യോജിപ്പിക്കപ്പെട്ടതും മനുഷ്യരാൽ വേർപെടുത്താനാകാത്തവിധം ഉറപ്പുള്ള ബന്ധമാണ് അത്. പരസ്പരമുള്ള സ്നേഹത്തിന്റെയും ആത്മദാനത്തിന്റെയും ഐക്യത്തിന്റെയും ജീവിതമാണത്.
- ❖ അതിരുകളില്ലാതെ സ്നേഹിക്കുവാനും പരിശുദ്ധമായ സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിച്ചുകൊണ്ട് സന്താനങ്ങൾക്കു ജന്മം നൽകാനും അവരെ ദൈവത്തിനു പ്രീതികരമായ വിധത്തിൽ വളർത്താനും ആവശ്യമായ കൃപാവരം നല്കുന്ന കൂദാശയാണ് വിവാഹം.

### b) മനോഭാവം

- ❖ വിവാഹമെന്ന കൂദാശയിലൂടെ മാത്രമേ ജീവിതപങ്കാളിയെ സ്വീകരിക്കൂ
- ❖ വിവാഹം ദൈവം നൽകുന്ന ഒരു വിളിയും ഉത്തരവാദിത്വവുമാണെന്ന ബോധ്യം.

## c) ശീലം

- ❖ നല്ല ജീവിതപങ്കാളിയെ ലഭിക്കാനായി എന്നും പ്രാർത്ഥിക്കുന്നു.
- ❖ ശിഥിലമായിപ്പോയ കുടുംബബന്ധങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ അവരുടെ പുനഃസംഗമത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

# III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നതിന്റെ ചിത്രങ്ങൾ/ സി.ഡി, വിവാഹമെന്ന കൂദാശ പരികർമ്മം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന ടെക്സ്റ്റ്, വിശുദ്ധ ഗ്രന്ഥം.

# IV പാഠാവതരണം

വിവാഹത്തിന്റെ കർമ്മങ്ങൾ സി.ഡിയുടെയോ ചിത്രങ്ങളുടെയോ സഹായത്തോടെ ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. ദമ്പതികളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. വിവാഹമെന്ന കൂദാശയിലൂടെ ജീവിതപങ്കാളിയെ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ദൈവകൃപ രജിസ്റ്റർ മാര്യേജിലൂടെ ലഭിക്കില്ല എന്ന സത്യം ഡിബേറ്റോ ചർച്ചയോ വഴി വ്യക്തമാക്കണം. ജീവിതപങ്കാളിയായി കത്തോലിക്കാ വിശ്വാസിയായ ഒരാളെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കണം

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 99 ഖണ്ഡിക 2
2. പേജ് 102 ഖണ്ഡിക 1
3. പേജ് 101 ഖണ്ഡിക 3
4. പേജ് 99 ഖണ്ഡിക 3
5. പേജ് 102

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്ന കാര്യങ്ങൾ ചർച്ചചെയ്ത് അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തി എഴുതുക.

# 14

# ആരാധനാവത്സരവും ക്രൈസ്തവജീവിതവും

## I ആമുഖം

ആരാധനാവത്സരത്തെക്കുറിച്ചും ആദ്ധ്യാത്മികജീവിതത്തിൽ അതിനുള്ള സ്ഥാനത്തെക്കുറിച്ചും അറിവു നൽകുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. ആരാധനക്രമത്തിലെ വിവിധ കാലങ്ങളും അവയുടെ ചൈതന്യവും തിരിച്ചറിഞ്ഞ് അതിനനുസൃതം ജീവിക്കുവാനുള്ള ആഗ്രഹവും കഴിവും കുട്ടികൾക്കു ലഭ്യമാകത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപദ്ധതിയിലെ സുപ്രധാനസംഭവങ്ങൾ അനുസ്മരിച്ച് ദൈവത്തിനു സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിക്കുകയാണ് സഭ ആരാധനാവത്സരത്തിലൂടെ ചെയ്യുന്നത്.
- ❖ ഈശോമിശിഹായിൽ പൂർത്തീകരിച്ച രക്ഷാകരസംഭവങ്ങളുടെ സമയബന്ധിതമായ അനുസ്മരണവും ആചരണവും അതിന്റെ ചൈതന്യമനുസരിച്ചുള്ള ജീവിതവും നമ്മെ യഥാർത്ഥ ക്രൈസ്തവരാക്കും.
- ❖ രക്ഷാകരചരിത്രത്തിലെ പ്രധാനസംഭവങ്ങളെ അടിസ്ഥാനമാക്കി ആരാധനാവത്സരത്തെ ഒൻപതു കാലങ്ങളായി തിരിച്ചിരിക്കുന്നു. മംഗളവാർത്ത, പിറവി, ദനഹ,നോമ്പ്, ഉയിർപ്പ്, ശ്ലീഹാ, കൈത്താ, ഏലിയ സ്ലീവാ മൂശ, പള്ളിക്കൂദാശാക്കാലങ്ങളാണവ.
- ❖ യാമപ്രാർത്ഥനകൾ ഓരോ കാലത്തിന്റെയും ചൈതന്യമുൾക്കൊള്ളാൻ സഹായകരമാണ്.

## b) മനോഭാവം

- ❖ സീറോമലബാർസഭയുടെ ആരാധനാവത്സരത്തോട് താല്പര്യം.
- ❖ അവയ്ക്കനുസരണമായി ഭക്താഭ്യാസങ്ങൾ ക്രമീകരിക്കുന്നു.

## c) ശീലം

- ❖ അതാതുകാലത്തിന്റെ ചൈതന്യമനുസരിച്ചുള്ള ഭക്താഭ്യാസങ്ങൾ അനുഷ്ഠിക്കുന്നു.
- ❖ യാമപ്രാർത്ഥനകളിൽ താല്പര്യപൂർവം പങ്കുചേരുന്നു.

# III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും ആ കാലങ്ങളിൽ അനുസ്മരിക്കുന്ന രക്ഷാകരസംഭവങ്ങളും രേഖപ്പെടുത്തിയ ചാർട്ട്, ഐക്കണുകൾ, വിശുദ്ധ ഗ്രന്ഥം.

# IV പാഠാവതരണം

ഇപ്പോഴത്തെ ആരാധനാക്രമവത്സരകാലത്തിന്റെ ചൈതന്യം സൂചിപ്പിക്കുന്ന ഐക്കണുകളോ ചാർട്ടോ ഉപയോഗിച്ച് ക്ലാസ് ആരംഭിക്കാം. ഈശോയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട രക്ഷാകരകർമ്മങ്ങൾ ഏതൊക്കെയാണെന്നും ആ രഹസ്യങ്ങൾ അനുസ്മരിക്കുന്ന കാലങ്ങൾ ഏതെല്ലാമാണെന്നും ചർച്ച ചെയ്ത് ബോർഡിൽ രേഖപ്പെടുത്തുന്നു. യാമപ്രർത്ഥനയുടെയും കുർബാനയുടെയും പുസ്തകങ്ങളുടെയും സഹായത്തോടെ ഓരോ കാലത്തിന്റെയും ചൈതന്യം വ്യക്തമാക്കുന്നു.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

ഉത്തരം കണ്ടെത്താം

1. പേജ് 105 കോളം
2. പേജ് 106 ഖണ്ഡിക 3,4
3. പേജ് 107 ഖണ്ഡിക 2
4. പേജ് 110 ഖണ്ഡിക 1
5. പേജ് 110 ഖണ്ഡിക 2

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ആരാധനാവത്സരത്തിലെ കാലങ്ങളും ആ കാലങ്ങളിൽ അനുസ്മരിക്കുന്ന രക്ഷാകരരഹസ്യങ്ങളും രേഖപ്പെടുത്തിയ ഒരു ചാർട്ട് തയ്യാറാക്കി നിങ്ങളുടെ മുറികളിൽ പ്രദർശിപ്പിക്കുക.

# 15
# സമർപ്പിതജീവിതം

## I ആമുഖം

സഭയിൽ സമർപ്പിതജീവിതത്തിന്റെ സ്ഥാനമെന്തെന്നും സമർപ്പിതരുടെ സേവനങ്ങളും ഉത്തരവാദിത്വങ്ങളും എന്തെന്നും അറിവു നൽകുന്ന പാഠം. സമർപ്പിതജീവിതത്തോടു താല്പര്യം ജനിക്കത്തക്കവിധം ക്ലാസെടുക്കുവാൻ ശ്രദ്ധിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ പരിപൂർണത ആഗ്രഹിച്ച് സന്യാസജീവിതം വരിച്ച ധാരാളം ആളുകൾ ആരംഭകാലം മുതൽ സഭയിലുണ്ട്.
- ❖ മതമർദ്ദനകാലത്ത് രക്തസാക്ഷ്യത്തിലൂടെ ഈശോയ്ക്ക് ധീരമായ സാക്ഷ്യം വഹിക്കാൻ വിശ്വാസികൾ തയ്യാറായതുപോലെ സന്യാസജീവിതത്തിലൂടെ ഈശോയ്ക്ക് ധീരമായ സാക്ഷ്യം വഹിക്കുവാൻ അനേകർ മുൻപോട്ടുവന്നു.
- ❖ സന്യാസം ദൈവരാജ്യത്തിന്റെ അടയാളവും ഈശോയെ അടുത്തനുകരിക്കലുമാണ്.
- ❖ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളാണ് സന്യാസ ജീവിതത്തിന്റെ അടിസ്ഥാനം.
- ❖ സന്യാസം തിരുസഭയിലും തിരുസഭയ്ക്കുവേണ്ടിയുമാണ്.
- ❖ സമ്പൂർണമായ ജീവിതസമർപ്പണത്തിലൂടെ ഈശോയുടെ സ്വന്തമായിത്തീർന്ന് ദൈവജനത്തിനു സേവനമർപ്പിക്കാനുള്ള ദൈവവിളിക്ക് ഔദാര്യപൂർവം പ്രത്യുത്തരമേകാൻ യുവതീയുവാക്കൾക്ക് കടമയുണ്ട്.

**b) മനോഭാവം**

- ❖ സമർപ്പിതരോട് ആദരവും സ്നേഹവും.
- ❖ ദൈവവിളിയോട് തുറന്ന മനോഭാവം.

**c) ശീലം**

- ❖ ജീവിതാന്തസ് കണ്ടെത്താനായി എന്നും പ്രാർത്ഥിക്കുന്നു.
- ❖ സഭയിൽ സമർപ്പിതർ ധാരാളമായി ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), വിശുദ്ധരായ സമർപ്പിതരുടെ ചിത്രങ്ങൾ, സീറോമലബാർ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും ദൈവദാസന്മാരുടെയും ചിത്രങ്ങൾ, രക്തസാക്ഷികളുടെ ചരിത്രം (അനുദിന വിശുദ്ധർ), വിശുദ്ധ ഗ്രന്ഥം.

## IV പാഠാവതരണം

പരിപൂർണതയ്ക്കുള്ള മാർഗം തേടി ഈശോയെ സമീപിച്ച യുവാവിന്റെ കഥ ദൃശ്യാവിഷ്കരണമായി അവതരിപ്പിച്ചുകൊണ്ട് പാഠം ആരംഭിക്കാം. ആദിമസഭയിലെ രക്തസാക്ഷിത്വത്തെക്കുറിച്ച് അവരിലേതാനും പേരുടെ ചരിത്രം വായിച്ച് ചർച്ച ചെയ്യാം. സമർപ്പിതർ ഇന്നും ലോകത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ചും സീറോമലബാർസഭയിലെ വിശുദ്ധരെക്കുറിച്ചും അവതരിപ്പിക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിലെ നിർദേശമനുസരിച്ചു ചെയ്യാം.

**ഉത്തരം കണ്ടെത്താം**

1. പേജ് 113 ഖണ്ഡിക 3
2. പേജ് 114 ഖണ്ഡിക 3
3. പേജ് 115 ഖണ്ഡിക 2
4. പേജ് 116 ഖണ്ഡിക 1
5. പേജ് 117 ഖണ്ഡിക 2

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സമർപ്പിതരായ വിശുദ്ധരുടെ പേരും ചിത്രങ്ങളും ശേഖരിക്കുക.
2. ദൈവവിളിയെക്കുറിച്ച് നിങ്ങൾക്ക് പരിചയമുള്ള സമർപ്പിതരുമായി സംസാരിക്കുക.